(i) പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനകാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചു വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവീസുള്ളവർ സർവീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.
(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിൽ പാർട്ട് 2-ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i), (ii), (iii), (iv) & (xii) നോക്കുക)
**7 യോഗ്യതകൾ:** (1) ഏഴാം സ്റ്റാൻഡേർഡ് (പുതിയത്)പാസ്സായിരിക്കണം.
അല്ലെങ്കിൽ തത്തുല്യം.
(2) കര, നാവിക, വ്യോമ എന്നീ സായുധസേനകളിലേതെങ്കിലുമൊന്നിൽ മൂന്നു വർഷത്തിൽ കുറയാതെയുള്ള പ്രവൃത്തി പരിചയം.
(3) സൈക്കിൾ സവാരി അറിഞ്ഞിരിക്കണം.
(4) ഉയരം- 168 സെ.മീ.
(5) നെഞ്ചളവ്: സാധാരണ- 81 സെ.മീ.,
വികസിപ്പിക്കുമ്പോൾ- 86 സെ.മീ.
**8.അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം :**
www.keralapsc.org.

## ജനറൽ റിക്രൂട്ട്മെന്റ്
### (സംസ്ഥാനതലം -വികലാംഗരായ ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം )
**(ഓൺലൈനിലൂടെ മാത്രം അപേക്ഷിക്കാവുന്ന തസ്തിക)**

## കാറ്റഗറി നമ്പർ 301/09
## വെറ്ററിനറി സർജൻ ഗ്രേഡ് - 2
## മൃഗസംരക്ഷണം

**1. വകുപ്പ്** : മൃഗസംരക്ഷണം
**2. ഉദ്യോഗപ്പേര്** : വെറ്ററിനറി സർജൻ ഗ്രേഡ്-2
**3. ശമ്പളം** : 11070-18450/-രൂപ
**4. ഒഴിവുകളുടെ എണ്ണം** : പി.എച്ച്.ബി-(കാഴ്ച കുറഞ്ഞ)- 1 (ഒന്ന്)
പി.എച്ച്.ഡി (ഭാഗികമായി ബധിരതയും ശ്രവണ വൈകല്യമുള്ള) - 1 ഒന്ന്
പി.എച്ച്-ഒ (ഓർത്തോ പീഡിക്കലി ഹാൻഡി കാപ്പ്ഡ്) - 1 ഒന്ന്
**കുറിപ്പ്:-** (i) മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക്ലിസ്റ്റ് ഈ തസ്തികയുടെ 14.07.2008 തീയതിയിൽ നിലവിൽ വന്ന റാങ്കുലിസ്റ്റിന്റെ കാലയളവിൽ വികലാംഗരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വന്ന ഒഴിവിലേയ്ക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതു വരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.
**5. നിയമനരീതി** : വികലാംഗരായ ഉദ്യോഗാർത്ഥികളിൽ നിന്നും നേരിട്ടുള്ള നിയമനം
**6. പ്രായപരിധി** : 01/01/2009-ൽ 18 (പതിനെട്ട്) വയസ്സ് തികഞ്ഞിരിക്കേണ്ടതും 38 (മുപ്പത്തിയെട്ട്) വയസ്സ് തികയാൻ പാടില്ലാത്തതുമാകുന്നു.
(വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക)
**7. യോഗ്യതകൾ :**
1. വെറ്ററിനറി സയൻസിൽ ബിരുദം
2. 1984-ലെ ഇൻഡ്യൻ വെറ്ററിനറി കൗൺസിൽ ആക്ടിന് (സെൻട്രൽ ആക്ട് 52, 1984) അനുസൃതമായി കേരള സംസ്ഥാന വെറ്ററിനറി കൗൺസിലിൽ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.
3. മലയാള ഭാഷ കൈകാര്യം ചെയ്യുവാനുള്ള പരിജ്ഞാനം ഉണ്ടായി രിക്കണം.
**കുറിപ്പ്:-** (i) കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, 1958 പാർട്ട് 2, റൂൾ10 ലെ ക്ലോസ് (എഎഎ) അനുസരിച്ച് മലയാളം ലാംഗ്വേജ് ടെസ്റ്റ് പാസ്സാകണമെന്ന വ്യവസ്ഥയിൽ കേരള സംസ്ഥാനത്തിലെ ഭാഷാ ന്യൂനപക്ഷങ്ങൾക്ക് 3-ാമത്തെ യോഗ്യതയിൽ ഇളവ് അനുവദിക്കുന്നതാണ്.
(ii) ഉദ്യോഗാർത്ഥികൾക്ക് മലയാള ഭാഷയിലുള്ള പരിജ്ഞാനം തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് കമ്മീഷൻ പരിശോധിക്കുന്നതാണ്.
**ട്രെയിനിംഗ് :** (1) വെറ്റിനറി സർജനായി നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ പ്രൊബേഷൻ കാലയളവിനുള്ളിൽ മൃഗസംരക്ഷണ വകുപ്പ് നടത്തുന്ന ട്രെയിനിംഗ് കോഴ്സ് പൂർത്തിയാക്കേണ്ടതാണ്. പ്രൊബേഷൻ കാലയളവ് കണക്കാക്കുന്നതിന് ട്രെയിനിംഗ് കാലം ഡ്യൂട്ടിയായി പരിഗണിക്കുന്നതാണ്.
(2) മൃഗസംരക്ഷണ വകുപ്പിൽ ലൈവ് സ്റ്റോക്ക് അസിസ്റ്റന്റായി 5 വർഷത്തിൽ കുറയാത്ത സർവ്വീസുള്ളവർക്ക് ട്രെയിനിംഗിനെ സംബന്ധിച്ച വ്യവസ്ഥ ബാധകമല്ല.
(3) കേരള കാർഷിക സർവ്വകലാശാലയോ മറ്റേതെങ്കിലും കാർഷിക സർവ്വകലാശാലയോ നടത്തുന്ന ഇന്റേൺഷിപ്പ് ട്രെയിനിംഗ് പ്രോഗ്രാം സഹിതമുള്ള ബി.വി.എസ്.സി ആൻഡ് എ.എച്ച്. കോഴ്സ് പാസ്സായവരെ പ്രസ്തുത ട്രെയിനിംഗിൽ നിന്നും ഒഴിവാക്കുന്നതാണ്
**8. അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം :**
www.keralapsc.org

### എൻസിഎ ഒഴിവുകളിലേക്ക് സംവരണ സമുദായങ്ങൾക്ക് നേരിട്ടുള്ള നിയമനം (സംസ്ഥാനതലം)
**(ഓൺലൈനിലൂടെ മാത്രം അപേക്ഷിക്കാവുന്ന തസ്തികകൾ)**

## കാറ്റഗറി നമ്പർ 302/09
## വെറ്ററിനറി സർജൻ ഗ്രേഡ് - 2
## മൃഗസംരക്ഷണം

**1. വകുപ്പ്** : മൃഗസംരക്ഷണം
**2. ഉദ്യോഗപ്പേര്** : വെറ്ററിനറി സർജൻ ഗ്രേഡ്-2
**3. ശമ്പളം** : 11070-18450/- രൂപ
**4. ഒഴിവുകളുടെ എണ്ണം** : പട്ടികവർഗ്ഗം -16 (പതിനാറ്) ലാറ്റിൻ കാത്തലിക് - 2(രണ്ട്)
മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക്ലിസ്റ്റ് ഈ തസ്തികയുടെ 14/07/2008 തീയതിയിൽ നിലവിൽ വന്ന റാങ്കുലിസ്റ്റിന്റെ കാലയളവിൽ പട്ടികവർഗ്ഗ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെയുംലാറ്റിൻ കാത്തലിക് സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെയും അഭാവത്തിൽ നികത്തപ്പെടാതെ വന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.
**5. നിയമനരീതി** : നേരിട്ടുള്ള നിയമനം (പട്ടികവർഗ്ഗം, ലാറ്റിൻ കാത്തലിക് സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)
പട്ടികവർഗ്ഗത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പട്ടികജാതിയിലുള്ള ഉദ്യോഗാർത്ഥികളെയും പരിഗണിക്കുന്നതാണ്.
**കുറിപ്പ്:-**മേൽ സൂചിപ്പിച്ചിട്ടുള്ള സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.
**6. പ്രായപരിധി** : 01/01/2009-ൽ 18 (പതിനെട്ട്) വയസ്സ് തികഞ്ഞിരി ക്കേണ്ടതും പട്ടികവർഗ്ഗക്കാർക്ക് 43 (നാൽപ്പത്തി മൂന്ന്) വയസ്സും ലാറ്റിൻ കത്തോലിക്കർക്ക് 41 (നാൽപ്പത്തി യൊന്ന്) വയസ്സും തികയാൻ പാടില്ലാത്തതു മാകുന്നു. (പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(1) ഉൾപ്പെടെ)
(വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ അനുബന്ധം രണ്ടാം ഖണ്ഡിക നോക്കുക, 2(1) ഒഴികെ)
**7. യോഗ്യതകൾ**
1. വെറ്ററിനറി സയൻസിൽ ബിരുദം
2.1984-ലെ ഇൻഡ്യൻ വെറ്ററിനറി കൗൺസിൽ ആക്ടിന് (സെൻട്രൽ ആക്ട് 52, 1984) അനുസൃതമായി കേരള സംസ്ഥാന വെറ്ററിനറി കൗൺസിലിൽ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.
3. മലയാള ഭാഷ കൈകാര്യം ചെയ്യുവാനുള്ള പരിജ്ഞാനം ഉണ്ടായിരിക്കണം.
കുറിപ്പ്:- (i) കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, 1958 പാർട്ട് 2, റൂൾ 10 ലെ ക്ലോസ് (എഎഎ) അനുസരിച്ച് മലയാളം ലാംഗ്വേജ് ടെസ്റ്റ് പാസ്സാകണമെന്ന വ്യവസ്ഥയിൽ കേരള സംസ്ഥാന ത്തിലെ ഭാഷാ ന്യൂനപക്ഷങ്ങൾക്ക് 3-ാമത്തെ യോഗ്യതയിൽ ഇളവ് അനുവദിക്കുന്നതാണ്.
(ii) ഉദ്യോഗാർത്ഥികൾക്ക് മലയാളഭാഷയിലുള്ള പരിജ്ഞാനം തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് കമ്മീഷൻ പരിശോധിക്കുന്നതാണ്.
ട്രെയിനിംഗ് (1)വെറ്റിനറി സർജനായി നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ പ്രൊബേഷൻ കാലയളവനുള്ളിൽ മൃഗസംരക്ഷണ വകുപ്പ് നടത്തുന്ന ട്രെയിനിംഗ് കോഴ്സ് പൂർത്തിയാക്കേണ്ടതാണ്. പ്രൊബേഷൻ കാലയളവ് കണക്കാക്കുന്നതിന് ട്രെയിനിംഗ് കാലം ഡ്യൂട്ടിയായി പരിഗണിക്കുന്നതാണ്.
(2) മൃഗസംരക്ഷണ വകുപ്പിൽ ലൈവ് സ്റ്റോക്ക് അസിസ്റ്റന്റായി 5 വർഷത്തിൽ കുറയാത്ത സർവ്വീസുള്ളവർക്ക് ട്രെയിനിംഗിനെ സംബന്ധിച്ച വ്യവസ്ഥ ബാധകമല്ല.
(3)കേരള കാർഷിക സർവ്വകലാശാലയോ മറ്റേതെങ്കിലും കാർഷിക സർവ്വകലാശാലയോ നടത്തുന്ന ഇന്റേൺഷിപ്പ് ട്രെയിനിംഗ് പ്രോഗ്രാം സഹിതമുള്ള ബി.വി.എസ്.സി ആൻഡ് എ.എച്ച്. കോഴ്സ് പാസ്സായവരെ പ്രസ്തുത ട്രെയിനിംഗിൽ നിന്നും ഒഴിവാക്കുന്നതാണ്
**8.അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം :**
www.keralapsc.org.

## കാറ്റഗറി നമ്പർ 303/09
## ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകൻ - കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്
## കേരളാ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം

**1. വകുപ്പ്** : കേരളാ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം
**2. ഉദ്യോഗപ്പേര്** : ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകൻ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്.
**കുറിപ്പ്:-** ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഫുൾ ടൈം ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപക തസ്തിക എന്നാണ്.
**3. ശമ്പളം** : 11070 -18450/- രൂപ
**4. ഒഴിവുകളുടെഎണ്ണം** : മുൻപ് വിജ്ഞാപനം ചെയ്ത ഗസറ്റ് തീയതി & കാറ്റഗറി നമ്പർ
മുസ്ലീം - 1 (ഒന്ന്) — 12.12.2007
പട്ടികജാതി - 1 (ഒന്ന്) — Cat.No.488/2007
**കുറിപ്പ്:-**ഈ ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം മുസ്ലീം, പട്ടികജാതി എന്നീ സമുദായങ്ങൾക്കു വേണ്ടി മാത്രം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 26.12.2006 തീയതി നിലവിൽ വന്ന റാങ്കുലിസ്റ്റിന്റെ കാലയളവിൽ മുസ്ലീം, പട്ടികജാതി എന്നീ സമുദായങ്ങൾക്ക് നീക്കിവച്ച ഒഴിവുകളിലേക്ക് ആ സമുദായങ്ങളിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്ക് നിയമന ശുപാർശയും, നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.
**5. നിയമനരീതി** : നേരിട്ടുള്ള നിയമനം. (മുസ്ലീം, പട്ടികജാതി എന്നീ സംവരണ വിഭാഗക്കാരിൽനിന്നും മാത്രം. എന്നാൽ പട്ടികജാതിക്കാരായ അപേക്ഷകരുടെ അഭാവത്തിൽ പട്ടികവർഗ്ഗക്കാരുടെ അപേക്ഷകളും പരിഗണിക്കുന്നതാണ്).
**കുറിപ്പ്:** ഈ വിജ്ഞാപനത്തിൽ പരാമർശിക്കുന്ന സമുദായ

ങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെ യുള്ളവർക്ക് നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകം നല്കുന്നതല്ല. കൂടാതെ English Language & Literature-ലെ ബിരുദാനന്തര ബിരുദം ഈ തസ്തികയ്ക്ക് സ്വീകാര്യമല്ല. അങ്ങനെയുള്ളവർക്കും പ്രത്യേക നിരസന മെമ്മോ നല്കുന്നതല്ല.

**6. പ്രായപരിധി** : 1 01.01.2009 ൽ 20 (ഇരുപത്) വയസ്സ് തികഞ്ഞിരിക്കേണ്ടതും 39 (മുപ്പത്തിയൊൻപത്) വയസ്സ് തികയാൻ പാടില്ലാത്തതുമാകുന്നു. പട്ടികജാതി/ പട്ടികവർഗ്ഗം/ മുസ്ളീം സമുദായങ്ങൾക്ക് അനുവദനീയമായ വയസ്സിളവ് ഉണ്ടായിരിക്കും.

(വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് ഗസറ്റ് വിജ്ഞാപനത്തിലെ പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**7. യോഗ്യതകൾ** :

I. കേരളത്തിലെ ഏതെങ്കിലുമൊരു സർവകലാശാലയിൽ നിന്നും 50% മാർക്കിൽ കുറയാതെ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ നേടിയ ബിരുദാനന്തര ബിരുദമോ കേരളത്തിലെ ഏതെങ്കിലുമൊരു സർവകലാശാല കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് വിഷയത്തിന് തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ നേടിയിരിക്കണം.

II (1) കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ബന്ധപ്പെട്ട വിഷയത്തിൽ നേടിയ ബി.എഡ്. അല്ലെങ്കിൽ ഏതെങ്കിലുമൊരു സർവകലാശാല ബന്ധപ്പെട്ട വിഷയത്തിന് തത്തുല്യമായി അംഗീകരിച്ച യോഗ്യത നേടിയിരിക്കണം.

(2) ബന്ധപ്പെട്ട വിഷയത്തിൽ ബി.എഡ് ബിരുദം നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ കേരളത്തിലെ ഏതെങ്കിലുമൊരു സർവകലാശാലയിൽനിന്നും ബന്ധപ്പെട്ട ഫാക്കൽറ്റിയിൽ നേടിയ ബി.എഡ് ബിരുദം (B.Ed Degree acquired in the concerned faculty as specified in the Acts and Statutes of any of the Universities in Kerala)

മുകളിൽ സൂചിപ്പിച്ച ഇനം II (1)ം, (2)ം പ്രകാരം ബി.എഡ്. ബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ,

(3) കേരളത്തിലെ ഏതെങ്കിലുമൊരു സർവകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ ഏതെങ്കിലുമൊരു വിഷയത്തിൽ നേടിയ ബി.എഡ് ബിരുദമോ അല്ലെങ്കിൽ ഏതെങ്കിലുമൊരു സർവകലാശാല ഇതിനു തത്തുല്യമായി അംഗീകരിച്ച യോഗ്യതയോ ഉണ്ടായിരിക്കണം.

III കേരള സർക്കാർ നേരിട്ടോ കേരള സർക്കാർ അധികാരപ്പെടുത്തിയ ഒരു ഏജൻസി മുഖേനയോ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനത്തിനായി നടത്തുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ്(സെറ്റ്) പാസ്സായിരിക്കണം.

**കുറിപ്പ്** :

(1)മേൽപ്പറഞ്ഞ ബി.എഡ് യോഗ്യതയുള്ളവരുടെ അഭാവത്തിൽ 50% മാർക്കിൽ കുറയാതെയുള്ള ബിരുദാനന്തര ബിരുദവും സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റും (സെറ്റ്) പാസ്സായ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്.

പി.എച്ച്.ഡി. ബിരുദമോ, എം.ഫിൽ ബിരുദമോ നേടിയിട്ടുള്ളവർക്കും ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ്/ നാഷണൽ എലിജിലിറ്റി ടെസ്റ്റ് (നെറ്റ്) യോഗ്യതയോ നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്കും മുൻഗണന നൽകുന്നതാണ്. ഈ വ്യവസ്ഥ പ്രകാരം നിയമിക്ക പ്പെടുന്ന അദ്ധ്യാപകർ നിയമിക്കപ്പെടുന്ന തീയതി മുതൽ അഞ്ചു വർഷത്തിനുള്ളിൽ സ്വന്തം ചെലവിൽ ബി.എഡ് ബിരുദം നേടിയിരിക്കണം.

(2)കമ്മ്യൂണിക്കേറ്റീവ് ഇംഗ്ളീഷ് വിഷയത്തിൽ ഹയർ സെക്കന്ററി സ്ക്കൂൾ അദ്ധ്യാപകനായി തെരഞ്ഞെടു ക്കുന്നതിന് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജിൽ നിന്ന് ഇംഗ്ലീഷ് അദ്ധ്യാപനത്തിനുള്ള (ബി ഗ്രേഡിൽ കുറയാത്ത) ബിരുദാനന്തര ഡിപ്ളോമയോ ഒരംഗീകൃത സർവ്വകലാശാലയിൽ നിന്നും ഇംഗ്ലീഷ് ഭാഷാ അദ്ധ്യാപനത്തിൽ എം.ഫില്ലോ നേടിയവർക്കും മുൻഗണന നൽകുന്നതാണ്. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് വിഷയം പഠിപ്പിക്കുന്നതിന് തെരഞ്ഞെടുക്കപ്പെടുന്ന ഹയർ സെക്കന്ററി അദ്ധ്യാപകർക്ക് ഇംഗ്ലീഷും കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷും കൈകാര്യം ചെയ്യുന്നതിനുള്ള പ്രാവിണ്യം ഉണ്ടായിരിക്കണം. (Higher Secondary School Teachers in Communicative English must be capable of handling English and Communicative English)

(3) ലാംഗ്വേജ് ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് പാസ്സായിട്ടുള്ള ഉദ്യോഗാർത്ഥികളെ ബി.എഡ് യോഗ്യത നേടുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(4) കേരളത്തിലെ ഏതെങ്കിലും സർവകലാശാല അംഗീകരിച്ച ബന്ധപ്പെട്ട വിഷയത്തിലുള്ള എം.എഡ് നേടിയ ഉദ്യോഗാർത്ഥികളെ ബിഎഡ് യോഗ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**എക്സംപ്ഷൻ:**

(1) കേരള സർക്കാർ നടത്തുന്ന കോളേജ് ലക്ചറർ തസ്തിക നിയമനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംസ്ഥാനതല എലിജിബിലിറ്റി ടെസ്റ്റ് (SLET) ജയിച്ച ഉദ്യോഗാർത്ഥികളെ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനത്തിന് നിഷ്ക്കർഷി ച്ചിരിക്കുന്ന സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) ജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(2) നാഷണൽ എലിജിബിലിറ്റി പരീക്ഷയോ ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പോ ജയിച്ച ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് വിജയിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(3) പി.എച്ച്.ഡി./എം.എഡ്/കേരളത്തിലെ ഏതെങ്കിലും ഒരംഗീകൃത സർവ്വകലാശാലയിൽനിന്നും ബന്ധപ്പെട്ട വിഷയത്തിൽ നേടിയ എം.ഫിൽ അല്ലെങ്കിൽ തത്തുല്യയോഗ്യതയോ നേടിയ ഉദ്യോഗാർത്ഥികളെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് ജയിക്കണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(4) പൊതു വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ തലത്തിൽ 10 (പത്ത്) വർഷത്തെ അംഗീകൃത അദ്ധ്യാപന പരിചയം പൂർത്തിയാക്കിയ അദ്ധ്യാപകരെ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് പാസ്സാകണം എന്ന നിബന്ധനയിൽ നിന്ന് ഒഴിവാക്കുന്നതാണ്.

**8.അപേക്ഷ അയയ്ക്കേണ്ട മേൽ വിലാസം –**
www.keralapsc.org.

## കാറ്റഗറി നമ്പർ 304/09
## അസിസ്റ്റന്റ് എഞ്ചിനീയർ /ഹെഡ് ഡ്രാഫ്റ്റ്മാൻ/ ഠൗൺ പ്ളാനിംഗ് ഓഫീസർ ഗ്രേഡ് II /അസിസ്റ്റന്റ് ഠൗൺ പ്ളാനിംഗ് ഓഫീസർ
## കേരള മുനിസിപ്പൽ കോമൺ സർവ്വീസ്/ തദ്ദേശ സ്വയംഭരണ വകുപ്പ്

**1. സ്ഥാപനത്തിന്റെ പേര്** : കേരള മുനിസിപ്പൽ കോമൺ സർവ്വീസ്/തദ്ദേശ സ്വയംഭരണ വകുപ്പ്

**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് എഞ്ചിനീയർ ഹെഡ് ഡ്രാഫ്റ്റ്മാൻ/ ഠൗൺ പ്ളാനിംഗ് ഓഫീസർ ഗ്രേഡ് II /അസിസ്റ്റന്റ് ഠൗൺ പ്ളാനിംഗ് ഓഫീസർ

**3. ശമ്പളം** : 11070–18450/– രൂപ

**4. ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്) OX സമുദായത്തിനുവേണ്ടി

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 23.06.2008 തീയതിയിൽ നിലവിൽവന്ന റാങ്ക്ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ പ്രസ്തുത സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്ക് ആ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമനശുപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം (OX സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം).

കുറിപ്പ്:– OX സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷകൾ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായപരിധി** : 01.01.2009ൽ 18 (പതിനെട്ട്) വയസ്സ് തികഞ്ഞിരിക്കേണ്ടതും 38 (മുപ്പത്തിയെട്ട്) വയസ്സ് തികയാൻ പാടില്ലാത്തതുമാകുന്നു.

(പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2(1) -ലെ ആനുകൂല്യം ഉൾപ്പെടെ)

(വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. ഖണ്ഡിക (2(i)) ഒഴികെ)

**7. യോഗ്യതകൾ** :

താഴെപ്പറയുന്ന ഏതെങ്കിലും ഡിഗ്രി ലഭിച്ചിരിക്കണം.

(a) കേരള സർവ്വകലാശാലയുടെ ബി.എസ്.സി എൻജിനീയറിംഗ് ഡിഗ്രി (സിവിൽ), മദ്രാസ് സർവ്വകലാശാലയുടെ ബി.ഇ ഡിഗ്രി (സിവിൽ) അല്ലെങ്കിൽ തത്തുല്യമായി അംഗീകരിച്ചിട്ടുള്ള മറ്റേതെങ്കിലും യോഗ്യത.

അല്ലെങ്കിൽ

(b) ഏതെങ്കിലും അംഗീകാരമുള്ള ഇൻസ്റ്റിറ്റ്യൂഷനിൽ നിന്നും ലഭിച്ച ആർക്കിടെക്ചറിലുള്ള ബാച്ചിലർ ബിരുദം അല്ലെങ്കിൽ അതിന് തത്തുല്യമായി അംഗീകരിക്കപ്പെട്ടിട്ടുള്ള യോഗ്യത.

അല്ലെങ്കിൽ താഴെപ്പറയുന്ന ഏതെങ്കിലും ഡിപ്ളോമ ലഭിച്ചിരിക്കണം.

എ. ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എൻജിനീയേഴ്സ് ഇൻഡ്യയിൽ നിന്നുമുള്ള സിവിൽ എൻജിനീയറിംഗിൽ അസോസിയേറ്റ് മെമ്പർഷിപ്പ് ഡിപ്ളോമ അല്ലെങ്കിൽ തത്തുല്യമായി അംഗീകരിക്കപ്പെട്ടിട്ടുള്ള മറ്റേതെങ്കിലും ഡിപ്ളോമ.

ബി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയറിംഗ് ഇൻഡ്യയിൽ നിന്നുമുള്ള സിവിൽ എൻജിനീയറിംഗിൽ അസോസിയേറ്റ് മെമ്പർഷിപ്പ് എക്സാമിനേഷന്റെ എയും ബിയും സെക്ഷനുകൾ വിജയിച്ചിരിക്കണം.

**8.അപേക്ഷ അയയ്ക്കേണ്ട മേൽ വിലാസം –**
www.keralapsc.org.

## കാറ്റഗറി നമ്പർ 305/09
## മെഡിക്കൽ ഓഫീസർ
## പ്ളാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

**1.സ്ഥാപനത്തിന്റെ പേര്** : പ്ളാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

**2. ഉദ്യോഗപ്പേര്** : മെഡിക്കൽ ഓഫീസർ

**3. ശമ്പളം** : 7800–12975/– രൂപ

**4. ഒഴിവുകളുടെ എണ്ണം** : ലത്തീൻകത്തോലിക്ക 1 (ഒന്ന്)

നോട്ട്: മുകളിൽ കാണിച്ചിട്ടുള്ള ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക്ലിസ്റ്റ് ഈ തസ്തികയുടെ 03.12.2008 തീയതിയിൽ നിലവിൽവന്ന റാങ്ക്ലിസ്റ്റിന്റെ കാലയളവിൽ ലത്തീൻ കത്തോലിക്ക സമുദായത്തിനുവേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേക്ക് ആ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവതെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം. (ലത്തീൻകത്തോലിക്ക സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളിൽനിന്നുമാത്രം)

**കുറിപ്പ്** : ലത്തീൻകത്തോലിക്ക സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചു കൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായപരിധി** : 01.01.2009-ൽ 21 (ഇരുപത്തി ഒന്ന്) വയസ്സ് തികഞ്ഞിരിക്കേണ്ടതും 38 (മുപ്പത്തിയെട്ട്) വയസ്സ് തികയാൻ പാടില്ലാത്തതുമാകുന്നു.

**കുറിപ്പ്:** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവു അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചു വർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവീസുള്ളവർ സർവീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിൽ പാർട്ട് 2-ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(i), (ii), (iii), (iv) & (xii) നോക്കുക)

**7 യോഗ്യതകൾ** :

1. എം. ബി. ബി.എസ്സ്. അല്ലെങ്കിൽ ഡി.എം.എസ്.
2. മെഡിക്കൽ സർജിക്കൽ എന്നീ വിഭാഗത്തിന് വെവ്വേറെ ഡിപ്പാർട്ടുമെന്റുകൾ ഉള്ളതും കുറഞ്ഞത് നൂറ് കിടക്കകൾ ഉള്ളതുമായ ഒരു അംഗീകൃത ഹോസ്പിറ്റലിൽ ഹൗസ് സർജനായി ഉള്ള ഒരു വർഷത്തെ സേവന പരിചയം.

അല്ലെങ്കിൽ

ഡമൺസ്ട്രേറ്റർ /ട്യൂട്ടർ ആയി ഒരു മെഡിക്കൽ കോളേജിൽ നിന്നും ലഭിച്ചിട്ടുള്ള ഒരു വർഷത്തെ സേവനപരിചയം.

3. ടി.സി.മെഡിക്കൽ കൗൺസിലിൽ മോഡേൺ മെഡിസിനിൽ ക്ളാസ് എ രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

**8. അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം :**
www.keralapsc.org.

## കാറ്റഗറി നമ്പർ 306/09
## ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ്-2
## മെഡിക്കൽ വിദ്യാഭ്യാസം

**1. വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം.
**2. ഉദ്യോഗപ്പേര്** : ലബോറട്ടറി ടെക്നീഷ്യൻ ഗ്രേഡ്-2
**3. ശമ്പളം** : 4000-6090/- രൂപ (PR)
**4. ഒഴിവുകളുടെ എണ്ണം** : വിശ്വകർമ്മ -1 (ഒന്ന് )

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 10.04.2006 തീയതിയിൽ നിലവിൽ വന്ന റാങ്ക്ലിസ്റ്റിന്റെ കാലയളവിൽ വിശ്വകർമ്മ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5.നിയമനരീതി** : നേരിട്ടുള്ള നിയമനം (വിശ്വകർമ്മ സമുദായത്തിലൂള്ള ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

കുറിപ്പ്: വിശ്വകർമ്മ സമുദായത്തിൽ പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല

**6.പ്രായപരിധി**: 01.01.2009-ൽ 18 (പതിനെട്ട്) വയസ്സ് തികഞ്ഞിരിക്കേണ്ടതും 39 (മുപ്പത്തൊമ്പത്) വയസ്സ് തികയാൻ പാടില്ലാത്തതുമാകുന്നു.

(പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i)ലെ ആനുകൂല്യം ഉൾപ്പെടെ)

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. (ഖണ്ഡിക 2(i) ഒഴികെ)

**7. യോഗ്യതകൾ:**

അടിസ്ഥാന യോഗ്യത സയൻസ് ഇൻറർമീഡിയറ്റ് പരീക്ഷ പാസ്സായിരിക്കണം.

അല്ലെങ്കിൽ

സയൻസിൽ പ്രീഡിഗ്രി പരീക്ഷ പാസ്സായിരിക്കണം

അല്ലെങ്കിൽ

സയൻസിൽ (ബി ഗ്രേഡ്) പ്രീ യൂണിവേഴ്സിറ്റി പരീക്ഷ പാസ്സായിരിക്കണം

അല്ലെങ്കിൽ

തത്തുല്യമായ പരീക്ഷ പാസ്സായിരിക്കണം

**സാങ്കേതിക യോഗ്യത** : കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ നടത്തുന്ന മെഡിക്കൽ ലബോറട്ടറി ടെക്നോളജി (എം.എൽ.ടി) കോഴ്സ് പാസ്സായിരിക്കണം

അല്ലെങ്കിൽ

തത്തുല്യമായ മറ്റേതെങ്കിലും യോഗ്യതയുണ്ടായിരിക്കണം.

**8. അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം** : www.keralapsc.org.

## കാറ്റഗറി നമ്പർ 307/09
## അനസ്തെറ്റിക് ടെക്നീഷ്യൻ ഗ്രേഡ്-2
## മെഡിക്കൽ വിദ്യാഭ്യാസം

**1. വകുപ്പ്** : മെഡിക്കൽ വിദ്യാഭ്യാസം.
**2. ഉദ്യോഗപ്പേര്** : അനസ്റ്റെറ്റിക് ടെക്നീഷ്യൻ ഗ്രേഡ് II
**3. ശമ്പളം** : 3350-5275/- രൂപ (റിവിഷനു മുൻപ്)
**4. ഒഴിവുകളുടെ എണ്ണം** : ലാറ്റിൻ കാത്തലിക് 1 (ഒന്ന്)

മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് ഈ തസ്തികയുടെ 22.10.2008 തീയതിയിൽ നിലവിൽ വന്ന റാങ്ക്ലിസ്റ്റിന്റെ കാലയളവിൽ ലാറ്റിൻ കാത്തലിക് സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശയും നിയമനവും നടത്തുന്നതുവരെ പ്രാബല്യത്തിൽ ഉണ്ടായിരിക്കുന്നതാണ്.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം (ലാറ്റിൻ കാത്തലിക് സമുദായത്തിലൂള്ള ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**കുറിപ്പ്:** ലാറ്റിൻ കാത്തലിക് സമുദായത്തിൽ പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല

**6. പ്രായപരിധി** : 01.01.2009-ൽ 18 (പതിനെട്ട്) വയസ്സ് തികഞ്ഞിരിക്കേണ്ടതും 38 (മുപ്പത്തി എട്ട്) വയസ്സ് തികയാൻ പാടില്ലത്തതുമാകുന്നു.

(പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i)ലെ ആനുകൂല്യം ഉൾപ്പെടെ)

(വയസ്സിളവിനെ സംബന്ധിച്ച മറ്റു വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക. (ഖണ്ഡിക 2(i) ഒഴികെ)

**7. യോഗ്യതകൾ:**

1. എസ്.എസ്.എൽ.സി അഥവാ തത്തുല്യമായ പരീക്ഷ പാസ്സായിരിക്കണം.

2. ഒരു മേജർ ആശുപത്രിയിൽ അനസ്തേഷ്യാ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിൽനിന്നും നേടിയ 3 വർഷത്തെ പരിചയം. പ്രസ്തുത പരിചയം മുകളിൽ പറഞ്ഞ യോഗ്യത നേടിയതിനുശേഷം ആർജ്ജിച്ചതായിരിക്കണം.

**കുറിപ്പ്:-** മെഡിക്കലും സർജിക്കലും യൂണിറ്റുകൾ പ്രത്യേകമായി പ്രവർത്തിക്കുന്നതും 100 കിടക്കകളിൽ കുറയതെയുള്ളതുമായ ആശുപത്രികളെ മേജർ ആശുപത്രികളായി ഈ ഉദ്ദേശ്യത്തിനു വേണ്ടി കണക്കാക്കുന്നതാണ്.

**8. പരിചയ സർട്ടിഫിക്കറ്റ്:** ഉദ്യോഗാർത്ഥികൾ തൊഴിൽ പരിചയം തെളിയിക്കുന്നതിന് ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് താഴെക്കൊടുത്തിരിക്കുന്ന മാതൃകയിൽ ആയിരിക്കണം. സ്ഥാപനത്തിന്റെ പേര്, രജിസ്റ്റർ ചെയ്ത തീയതി, രജിസ്റ്റർ നമ്പർ എന്നിവ ഉൾക്കൊള്ളിച്ചിരിക്കണം. സർട്ടിഫിക്കറ്റ് നൽകുന്ന വ്യക്തി തസ്തികയുടെ പേര്, ജോലിയുടെ സ്വഭാവം എന്നിവ രേഖപ്പെടുത്തിയിരിക്കണം.

### പരിചയ സർട്ടിഫിക്കറ്റ്

ആശുപത്രിയുടെ പേര്:
രജിസ്റ്റർ നമ്പർ:
രജിസ്റ്റർ ചെയ്ത തീയതി:
ശ്രീ/ശ്രീമതി..........................................................................................
(ഉദ്യോഗാർത്ഥിയുടെ പേരും മേൽവിലാസവും)

മുകളിൽ പറഞ്ഞിരിക്കുന്ന ആൾ ഈ ആശുപത്രിയിൽ........................................... ............................................ (തസ്തികയുടെ പേര്/ജോലിയുടെ സ്വഭാവം) ആയി ...........................രൂപ മാസ/ദിവസ ശമ്പളത്തിൽ.................................. ......തീയതി മുതൽ.......................... തീയതി വരെ .................................വർഷം ........................മാസം. ...................................ദിവസം ജോലി നോക്കിയിട്ടുണ്ട്/ജോലി നോക്കി വരികയാണ് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ടിയാന് ഈ ആശുപത്രിയിൽ അനസ്തേഷ്യാ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിൽ .......................വർഷം .........................മാസം. ...................................ദിവസം പരിചയമുണ്ട്.

ഈ ആശുപത്രി മെഡിക്കലും സർജിക്കലും യൂണിറ്റുകൾ പ്രത്യേകമായി പ്രവർത്തിക്കുന്നതും ............. (എണ്ണം) കിടക്കകൾ ഉള്ളതുമായ ഒരു മേജർ ആശുപത്രിയാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

സർട്ടിഫിക്കറ്റ് നൽകുന്ന
സ്ഥലം: വ്യക്തിയുടെ ഒപ്പ്, പേര്,
തീയതി: (ഓഫീസ് സീൽ) ഔദ്യോഗിക പദവി.

### സാക്ഷ്യപത്രം

....................................................... നിയമത്തിൽ/ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം സ്ഥാപന ഉടമസ്ഥൻ /തൊഴിലുടമ നിർബന്ധമായും സൂക്ഷിക്കുവാൻ ബാദ്ധ്യതപ്പെട്ട................. ........................................രജിസ്റ്റർ (രജിസ്റ്ററിന്റെ പേര്) പരിശോധിച്ച് മേൽ പരിചയ സർട്ടിഫിക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ശ്രീ/ശ്രീമതി. ................................................................... ഇതിൽ പറഞ്ഞിരിക്കുന്ന കാലയളവിൽ ടി സ്ഥാപനത്തിൽ .................................ആയി ജോലി ചെയ്തിരുന്നു/ജോലി ചെയ്തുവരുന്നു എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഞാൻ കേരള/കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ......................................... ..................... എന്ന ചട്ട പ്രകാരം ടി സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകളെ സംബന്ധിച്ച് സ്ഥാപന ഉടമ സൂക്ഷിക്കേണ്ട രജിസ്റ്റർ പരിശോധിക്കുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനാണ്.

സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ
സ്ഥലം: തീയതി സഹിതമുള്ള ഒപ്പ്,
തീയതി: (ഓഫീസ് സീൽ) ഉദ്യോഗപ്പേര്, ഓഫീസ്.

**കുറിപ്പ്:-** 1. സ്വകാര്യ ആശുപത്രികളിൽ നിന്നുള്ള പരിചയ സർട്ടിഫിക്കറ്റിലെ സാക്ഷ്യപത്രം കേരള/കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച നിയമപ്രകാരം/ചട്ടപ്രകാരം സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ/വേതന സംരക്ഷണം ഉറപ്പാക്കാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ രേഖകൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്താവുന്നതാണ്. സർക്കാരിലേയും സർക്കാർ നിയന്ത്രണമുള്ള പൊതുമേഖലയിലേയും ആശുപത്രികളിൽ നിന്നുള്ള പരിചയ സർട്ടിഫിക്കറ്റിലെ സാക്ഷ്യപത്രം ആശുപത്രി മേലധികാരിക്ക് തന്നെ സാക്ഷ്യപ്പെടുത്താവുന്നതാണ്

2.പരിചയ സർട്ടിഫിക്കറ്റ് സർക്കാരിലെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/ മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്.പരിചയ സർട്ടിഫിക്കറ്റുകളുടെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റുകൾ നൽകുന്നവരുടേയും അത് ഹാജരാക്കുന്ന ഉദ്യോഗാർഥിയുടേയും പേരിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതുമാണ്.

**9. അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം** : www.keralapsc.org

## സ്പെഷ്യൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)
**(ഓൺലൈനിലൂടെ മാത്രം അപേക്ഷിക്കാവുന്ന തസ്തികകൾ)**

## കാറ്റഗറി നമ്പർ 308/09
## റിസർച്ച് ഓഫീസർ (ആന്ത്രോപ്പോളജി)
## (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി പട്ടികവർഗ്ഗം മാത്രം)
## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ്

**1. വകുപ്പ്** : കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ്.
**2. ഉദ്യോഗപ്പേര്** : റിസർച്ച് ഓഫീസർ (ആന്ത്രോപ്പോളജി) (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി പട്ടികവർഗ്ഗം മാത്രം)
**3. ശമ്പളം** : 11070-18450/- രൂപ
**4. ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)
**5. നിയമനരീതി** : നേരിട്ടുള്ള നിയമനം.

(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/ പട്ടികവർഗ്ഗക്കാരിൽ നിന്നുമാത്രം).

കുറിപ്പ്:-പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷകൾ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായപരിധി** : 01/01/2009ൽ 22 (ഇരുപത്തിരണ്ട്) വയസ്സ് തികഞ്ഞിരിക്കേണ്ടതും 40 (നാല്പത്) വയസ്സ് തികയാൻ പാടില്ലാത്തതുമാകുന്നു.

(വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് ആനുകൂല്യങ്ങളൊന്നും ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.)

കുറിപ്പ്:-നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു.

**7. യോഗ്യതകൾ :**

(1) ഒരു അംഗീകൃത സർവ്വകലാശാലയിൽനിന്നും റഗുലർപഠനത്തിലൂടെ 50 ശതമാനത്തിൽ കുറയാത്ത മാർക്കോടുകൂടി ആന്ത്രോപ്പോളജിയിലോ സോഷ്യോളജിയിലോ നേടിയ ഒന്നാം ക്ലാസ്സ് അല്ലെങ്കിൽ രണ്ടാംക്ലാസ്സ് മാസ്റ്റേഴ്സ് ബിരുദം.

(2) മേൽപ്പറഞ്ഞ ഏതെങ്കിലും വിഷയത്തിൽ നേടിയ പി.എച്ച്.ഡി.

അല്ലെങ്കിൽ എം.ഫിൽ.

**8. പ്രൊബേഷൻ** : തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നുവർഷത്തിനുള്ളിൽ രണ്ടുവർഷക്കാലം പ്രൊബേഷനിലായിരിക്കും.

**9.ടെസ്റ്റ്** : ഈ തസ്തികയിലേക്കു നിയമിക്കപ്പെടുന്നവർ അക്കൗണ്ടന്റ് ടെസ്റ്റ് ഫോർ ദി എക്സിക്ക്യൂട്ടീവ് ഓഫീസേഴ്സ് പാസ്സായിട്ടില്ലെങ്കിൽ പ്രൊബേഷൻ കാലയളവിനുള്ളിൽ ആയതു പാസ്സായിരിക്കണം.

10.**അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം** : www.keralapsc.org.

## കാറ്റഗറി നമ്പർ 309/09
## ലക്ചറർ (ആന്ത്രോപ്പോളജി/സോഷ്യോളജി)
## (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി /പട്ടികവർഗ്ഗം മാത്രം)
## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ്

**1. വകുപ്പ്** : കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിസർച്ച് ട്രെയിനിംഗ് ആന്റ്

ഡെവലപ്മെന്റ് സ്റ്റഡീസ് ഓഫ് ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ്.

**2. ഉദ്യോഗപ്പേര്** : ലക്ചറർ(ആന്ത്രോപ്പോളജി/ സോഷ്യോളജി) (സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/പട്ടികവർഗ്ഗം മാത്രം)

**3. ശമ്പളം** : 11070–18450/– രൂപ

**4. ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം.

(സ്പെഷ്യൽ റിക്രൂട്ട്മെന്റ് പട്ടികജാതി/ പട്ടിക വർഗ്ഗക്കാരിൽ നിന്നുമാത്രം).

**കുറിപ്പ് :–** പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷകൾ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

**6. പ്രായപരിധി** : 01/01/2009ൽ 22 (ഇരുപത്തിരണ്ട്) വയസ്സ് തികഞ്ഞിരിക്കേണ്ടതും 40 (നാല്പത്) വയസ്സ് തികയാൻ പാടില്ലാത്തതുമാകുന്നു.

(വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മറ്റ് ആനുകൂല്യങ്ങളൊന്നും ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.)

**കുറിപ്പ്:–** നിശ്ചിത പ്രായപരിധിയിലുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ഉയർന്ന പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും 50 വയസ്സ് കവിയാൻ പാടില്ലാത്തതാകുന്നു.

**7. യോഗ്യതകൾ :**

(1) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും റഗുലർ പഠനത്തിലൂടെ 50 ശതമാനത്തിൽ കുറയാത്ത മാർക്കോടുകൂടി ആന്ത്രോപ്പോളജിയിലോ സോഷ്യോളജിയിലോ നേടിയ ഒന്നാം ക്ലാസ്സ് അല്ലെങ്കിൽ രണ്ടാം ക്ലാസ്സ് മാസ്റ്റേഴ്സ് ബിരുദം.

(2) മേൽപ്പറഞ്ഞ ഏതെങ്കിലും വിഷയത്തിൽ പി.എച്ച്.ഡി. അല്ലെങ്കിൽ എം.ഫിൽ.

**8. പ്രൊബേഷൻ** : തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ സർവ്വീസിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ രണ്ടു വർഷം പ്രൊബേഷനിലായിരിക്കും.

**9. ടെസ്റ്റ്**: ഈ തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്നവർ അക്കൗണ്ട് ടെസ്റ്റ് ഫോർ ദി എക്സിക്യൂട്ടീവ് ഓഫീസേഴ്സ് പാസ്സായിട്ടില്ലെങ്കിൽ പ്രൊബേഷൻ കാലയളവിനുള്ളിൽ ആയതു പാസ്സായിരിക്കണം.

**10. അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം**

ഓൺലൈൻ : www.keralapsc.org.

## എലിജിബിലിറ്റി ടെസ്റ്റ് (സംസ്ഥാനതലം)

**(നിർദ്ദിഷ്ട അപേക്ഷാഫോറത്തിലൂടെ മാത്രം അപേക്ഷിക്കാവുന്ന തസ്തികകൾ)**

### കാറ്റഗറി നമ്പർ 310/09
### DIVISIONAL ACCOUNTANT
### KERALA STATE ELECTRICITY BOARD

1) Applications are invited from qualified candidates for admission to the Preliminary and Final examinations for selection of candidates for appointment as Divisional Accountants under Kerala State Electricity Board. The examinations will be conducted according to the timetable to be notified in due course.

2) Qualifications and Conditions:

**(a) Preliminary Examination**

All ministerial employees of the Kerala State Electricity Board of the categories of Junior Superintendent, Senior Assistant, Senior Accountant, Assistant Grade I, Assistant Grade II, Junior Assistant, Junior Accountant, Cashier and Stenographer who have a total service of two years in the Board on the last day fixed for the receipt of applications and who are not more than 40 years of age on the said date will be allowed to sit for the preliminary examination. The maximum number of chances for candidates to appear for the preliminary examination will be five (5). Therefore a candidate, who has already appeared for this examination for five (5) chances, will not be allowed to sit again for the preliminary examination.

**Note:-** Applications for the preliminary examination shall be recommended by the Head of Office not below the rank of an Executive Engineer or Assistant Accounts Officer of the Board. Applications received without such recommendations will not be considered.

**(b) Final Examination**

All employees of the Kerala State Electricity Board who have passed the Preliminary Examination conducted by the Board or Kerala Public Service Commission are eligible to sit for the Final Examination. Candidates who have already appeared for the final examination five (5) times will not be allowed to appear again for the examination.

3) Candidates coming out successful in the Final Examination will be given an intensive training for a period of 9 months as per the training programme prescribed by the Financial Advisor and Chief Accounts Officer of the Kerala State Electricity Board, which will also include work in Electrical Divisions and Civil Divisions for three months each as Assistant to Divisional Accountant. Only those who in the opinion of the Financial Advisor and Chief Accounts Officer of the Board have completed the training satisfactorily to which effect a certificate to be given by the Financial Advisor and Chief Accounts Officer will be posted as Divisional Accountants.

4) The examination will be of a qualifying nature. Grace marks of 15 each for the Preliminary and Final Examination will be given to candidates who have put in 15 years of service on the last day fixed for the receipt of applications.

5) Seniority of the qualified candidates will be in the order of the date on which they get themselves qualified in the final examination. As between candidates in the same category, qualifying in the same examination, their relative seniority will be on the basis of their general seniority in the particular category in the Board. For this purpose service as Stenographer Grade II will be treated as equivalent to service as Assistant Grade II and service as Stenographer Grade I will be treated as equivalent to service as Assistant Grade I.

6) Persons when appointed as Divisional Accountant on successful completion of training will be on probation for a period of one year and will be considered for confirmation only after successful completion of probation.

7) The examination is not obligatory and neither examination leave nor Traveling Allowance will be admissible to the candidates.

**SYLLABUS FOR THE PRELIMINARY EXAMINATION**

| Subject | Maximum Marks | Time | Minimum Required for a Pass |
|---|---|---|---|
| 1. Precis and General English | 150 | 3 Hrs. | 75 |
| 2. Elementary Book Keeping | 100 | 3 Hrs. | 50 |
| 3. Kerala Public Works Account Code | 100 | 3 Hrs. | 50 |

**Precis and General English**

The paper is intended to test the ability of the candidate to write clear and simple English and will cover précis of a given passage and General English.

**Elementary Book Keeping**

The paper on the subject will be elementary in character and will cover the following portions:

Book keeping up to Trial Balance, Trading and Profit and Loss Accounts and Balance Sheet.

**Kerala Public Works Account Code**

The paper on this code will be simple in character and is intended to see whether the candidate possesses, at least a rudimentary knowledge of rules and procedures of the Board in respect of the Accounts. The chapter 'Stores' in the Code will be supplemented by the booklet "Store Accounting Rules" of the Kerala State Electricity Board.

**SYLLABUS FOR THE FINAL EXAMINATION**

| Subject | Maximum Marks | Time | Minimum Required for a Pass |
|---|---|---|---|
| (1) Book keeping Advanced | 150 | 3 Hrs. | 75 |
| (2) Kerala Public Works Account Code (except the chapter on Stores) | 100 | 2.30 Hrs. | 50 |
| 2 (a) Store Accounting Rules of KSEB | 50 | 1 Hr. | 25 |
| (3) Electricity Rules | 100 | 2 Hrs. | 50 |
| (4) Kerala Service Rules | 100 | 2.30 Hrs. | 50 |
| (5) Viva-voce | 100 | 1 Hr. | 50 |

**Book Keeping**

The syllabus for Book Keeping will be as follows:

Advanced Accounting by J.R. Batliboi is the Text Book for the paper on the subject. The following chapters in the book is the syllabus for the examination:

| | |
|---|---|
| Chapter I | Fundamentals of Double Entry. |
| Chapter II | Trading, Manufacturing, Profit and Loss Accounts and Balance Sheet. |
| Chapter III | Capital and Revenue, Income and Expenditure and Receipts and Payment Accounts. |
| Chapter IV | Bill of Exchange, Promissory Notes and Cheques. |
| Chapter V | Self Balancing System |
| Chapter IX | Single Entry System |
| Chapter XIV | Depreciation and Reserves |
| Chapter XV | Double Accounts Systems |
| Chapter XVI | Departmental and Branch Accounts |
| Chapter XX | Sales of Return, Hire Purchase and Royalty |
| Chapter XXII | Goodwill in Accounts |
| Chapter XXIV | Cost Accounting |

**Note:** The chapters selected are as per 1958 Edition. If there is any change in the subject of these chapters in the subsequent editions of the Advanced Accounting by J.R. Batliboi, candidates should read the corresponding chapters in the later edition.

Kerala Public Works Account Code (Except the chapter on "Stores")

The candidates will be expected to have a sound practical knowledge of the application of the Kerala Public Works Account Code. The examination will be a severe practical test of the candidates' knowledge of the rules and the process of accounting in the Division.

**Store Accounting Rules**

The candidates will be expected to have a detailed knowledge of Rules and Procedures contained in the chapter on "Stores" in the Kerala Public Works Account Code and in the KSEB Manual of Commercial Accounting – Volume II – Material Accounting. The examination will be a severe practical test of the candidates' knowledge of the Rules and Process of Accounting.

**Electricity Rules**

The syllabus for the examination will be as follows:

A thorough knowledge of the Electricity Act, 2003, Regulation on terms and conditions of tariff by Central Electricity Regulatory Commission. A thorough knowledge of the conditions and rates for the supply of electrical energy and hire of electrical equipments and circulars and orders issued from time to time.

**Kerala Service Rules**

The theory part of the examination will be a severe practical test of the candidates' knowledge of the Rules. The paper on this subject will be the standard fixed for that on the same subject.

**Account Test (Higher)**

However, those who have qualified in the Account Test

**അസാധാരണ ഗസറ്റ് തീയതി: 30-07-2009 അവസാന തീയതി: 09-09-2009 വൈകുന്നേരം 5 മണി വരെ**

(Higher) will be exempted from sitting for the same paper in the Final Examination for selection of Divisional Accountants.

**Note:-** Candidates who have qualified in the Account Test (Higher) full for Kerala State Electricity Board are alone eligible for the exemption refered to above.

**Viva-voce**

Only those who have passed the written examination in the subject (1), (2), 2(a), (3) and (4) will be called for the Viva-voce Test.

The Viva-voce test is intended to test the candidates' capacity to clear the doubts of Divisional Officers and as and when required.

**8) Number of Vacancies : 31 (Thirty One)**

Note:- A list of the qualified candidates will be prepared based on the test and that shall remain in force for a minimum period of one year and a maximum period of three years provided that the list will not continue to be in force if a new Ranked List after the minimum period of one year is published.

**9) Application Form**

A specially designed application form for Eligibility Test/Suitability Test has been prescribed by the Commission. The application for the Preliminary and Final Examinations in response to this notification should be submitted in the above form. The words "Application for admission to the Preliminary/Final Examination of Divisional Accountants for the employees of KSEB" should be super scribed at the top of the envelope. The cost of the application form is Rs.10/- (Rupees Ten only) for all candidates. The form will be available only in the Offices of Kerala Public Service Commission. The application should be certified by the Head of Office/Department and those without the above certificate will be summarily rejected. Documents to prove qualification, age, etc should not be submitted along with the application. They have to be produced as and when called for by the Commission.

10) Address to which applications are to be sent:

The Under Secretary
(Local Authority Wing) Recruitment,
Kerala Public Service Commission,
Pattom, Thiruvananthapuram – 695 004.

The envelope containing the application should bear the Category Number and superscription, "Application for admission to the Preliminary/Final Examination of Divisional Accountant for the employees of the Kerala State Electricity Board".

## കാറ്റഗറി നമ്പർ 311/09
## ലബോറട്ടറി അറ്റൻഡേഴ്സ് ടെസ്റ്റ്

കേരളാ പൊതു വിദ്യാഭ്യാസ വകുപ്പിലെ നിർദ്ദിഷ്ട യോഗ്യതയുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് കേരളാ ഹയർ സെക്കൻഡറി വിദ്യാഭ്യാസവകുപ്പിൽ തസ്തികമാറ്റം വഴി ലബോറട്ടറി അസിസ്റ്റന്റുമാരായി നിയമനം ലഭിക്കുന്നതിനും, കേരളാ ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പിൽ ലബോറട്ടറി അസിസ്റ്റന്റുമാരായി ജോലി ചെയ്യുന്നവർക്ക് പ്രൊബേഷൻ പൂർത്തിയാക്കുന്നതിനുമുള്ള അർഹത നിർണയ പരീക്ഷയ്ക്ക് (ലബോറട്ടറി അറ്റൻഡേഴ്സ് ടെസ്റ്റ്) അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു.

**വിദ്യാഭ്യാസ യോഗ്യത:** (പൊതു വിദ്യാഭ്യാസ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക്) 7-ാം ക്ളാസ് ജയിച്ചിരിക്കണം

ഈ പരീക്ഷയ്ക്ക് ഉയർന്ന പ്രായപരിധി ബാധകമല്ല. സ്വീകാര്യമായ അപേക്ഷകൾ സമർപ്പിക്കുന്നവർ ഒരു എഴുത്ത് പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്. വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്ന സർട്ടി ഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകൾ അപേക്ഷ യോടൊപ്പം അയയ്ക്കേണ്ടതാണ്.

**സിലബസ്:** ടി തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയിൽ ഒബ്ജക്ടീവ് രീതിയിലുള്ള (ഒ.എം.ആർ മൂല്യനിർണയം) ഒരുമണിക്കൂർ 15 മിനിട്ട് ദൈർഘ്യവും പരമാവധി 100 മാർക്കുമുള്ള പരീക്ഷ.

**മുഖ്യവിഷയങ്ങൾ:**

ഭാഗം (1) ഭൗതികശാസ്ത്രവും രസതന്ത്രവും
ഭാഗം (2) സസ്യശാസ്ത്രവും ജന്തുശാസ്ത്രവും

പ്രസ്തുത പരീക്ഷ വിജയിക്കുവാൻ 40% മാർക്ക് ലഭിച്ചിരിക്കണം.

**അപേക്ഷാ ഫാറം:** അർഹത നിർണയ/യോഗ്യത നിർണയ പരീക്ഷയ്ക്കുവേണ്ടി മാത്രമുള്ള നിർദ്ദിഷ്ട അപേക്ഷാഫാറത്തിലാണ് ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷാഫാറം കമ്മീഷന്റെ ആസ്ഥാന ആഫീസിലും എല്ലാ ജില്ലാ ആഫീസുകളിലും 10 (പത്ത്) രൂപയ്ക്ക് ലഭിക്കുന്നതാണ്.

അപേക്ഷാഫാറം അടക്കം ചെയ്തിരിക്കുന്ന കവറിന്റെ മുകൾഭാഗത്ത് ലബോറട്ടറി അറ്റൻഡേഴ്സ് ടെസ്റ്റിനുള്ള അപേക്ഷ എന്ന് രേഖപ്പെടുത്തിയിരിക്കണം.

**കുറിപ്പ്:**
1. അപേക്ഷയോടൊപ്പമുള്ള സർവ്വീസ് സർട്ടിഫിക്കറ്റിൽ ഓഫീസ്/ വകുപ്പ് മേധാവിയുടെ മേലൊപ്പ്, പേര്, ഓഫീസ് സീൽ എന്നിവ കൃത്യമായി ഉണ്ടായിരിക്കണം.
2. നിശ്ചിതഫാറത്തിൽ അല്ലാതെയുള്ളതും പൂർണ്ണമായും പൂരിപ്പി ക്കാത്തതുമായ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.
3. അപേക്ഷകൾ ഓഫീസ്/വകുപ്പ് മേധാവി മുഖാന്തരം അയയ്ക്കേണ്ടതില്ല. ഓഫീസ്/വകുപ്പ് മേധാവിയുടെ മേലൊപ്പ്, പേര്, ഉദ്യോഗപ്പേര്, തീയതി, ഓഫീസ് സീൽ സഹിതം അപേക്ഷകൾ നേരിട്ട യച്ചാൽ മതിയാകുന്നതാണ്.

**അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം :**

ഡെപ്യൂട്ടി സെക്രട്ടറി-3, പരീക്ഷാ വിഭാഗം,
കേരളാ പബ്ളിക് സർവീസ് കമ്മീഷൻ,
തുളസി ഹിൽ, പട്ടം പാലസ്.പി.ഓ.,
തിരുവനന്തപുരം 695 004.

# അന്തിമ ഉത്തരസൂചിക















## Jarvik Artificial Heart

**1982** ഡിസംബർ 2ന് അമേരിക്കൻ ഡോക്ടറായ സർവില്യം ഡെവറിസ് ആണ് ആദ്യമായി കൃത്രിമ ഹൃദയം രോഗികളിൽ implant ചെയ്തത്. Jarvik-7 എന്നാണ് കൃത്രിമ ഹൃദയത്തിന് നാമകരണം ചെയ്തിരുന്നത്.

നിലവിലുള്ള റിക്കോർഡ് അനുസരിച്ച് ഏകദേശം 620 ദിവസങ്ങൾ വരെ Jarvik-7 മനുഷ്യശരീരത്തിൽ ഹൃദയത്തിൻെറ ധർമ്മം ഭംഗിയായി നിർവ്വഹിച്ചിട്ടുണ്ട്. ഇപ്പോൾ മറ്റൊരു ഹൃദയം കിട്ടുന്നതുവരെയുള്ള കാലയളവിലേക്ക് താൽക്കാലികമായിട്ട് മാത്രമെ കൃത്രിമ ഹൃദയത്തിൻെറ പ്രവർത്തനം സ്വീകരിക്കാറുള്ളു. ഇപ്പോൾ കൃത്രിമ ഹൃദയം ശരീരത്തിൽ ഘടിപ്പിക്കാത്തതിൻെറ പ്രധാന കാരണം അവയുണ്ടാക്കുന്ന രോഗസംക്രമവും (infection), രക്തസ്രാവവും, ഇവ നിർമ്മിക്കുന്നതിന് ആവശ്യമായ Synthetic materials കൃത്രിമ ഹൃദയത്തിനുള്ളിൽ രക്തം കട്ടപിടിക്കുന്നതിന് കാരണമാകുകയും ചെയ്യുന്നതിനാലാണ്. ഇത്തരത്തിൽ കട്ടപിടിച്ച രക്തം കഴുത്തിലൂടെയോ, തലച്ചോറിലൂടെയോ സഞ്ചരിക്കുമ്പോൾ Stroke- ന് കാരണമായി മാരകമായ അവസ്ഥ സംജാതമാക്കുന്നു.

Jarvik-7 എന്ന കൃത്രിമ ഹൃദയം കണ്ടുപിടിച്ചത് Robert K Jarvik എന്ന ശാസ്ത്രജ്ഞനാണ്. ആദ്യമായി കൃത്രിമ ഹൃദയം സ്വീകരിച്ച വ്യക്തി 112 ദിവസം ആ വെല്ലുവിളി അതിജീവിച്ചു. ശാരീരികമായ പ്രയാസങ്ങൾ കാരണം അതിനുശേഷം കൃത്രിമ ഹൃദയം സ്വീകരിച്ചവരും അധികനാൾ തികച്ചില്ല. ഇതിനുശേഷം ഇന്നേവരെ യഥാർത്ഥ ഹൃദയത്തെപ്പോലെ ജോലി നിർവഹിക്കുന്ന കൃത്രിമ ഹൃദയം കണ്ടിപിടിച്ചിട്ടില്ല.

Robert K Jarvik



# ഹൃദയസ്തംഭനം

**മനുഷ്യശരീരത്തിൻെറ ഏറ്റവും അതിപ്രധാന അവയവമായ ഹൃദയം അവ നമ്മുടെ ശരീരത്തിൽ എപ്രകാരം പ്രതിപ്രവർത്തിക്കുന്നു..... അതിനുള്ള കാരണങ്ങൾ, സാഹചര്യങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള ഒരു അന്വേഷണം. അതോടൊപ്പം, കൃത്രിമ ഹൃദയരൂപീകരണം, ഹൃദയം മാറ്റിവെയ്ക്കൽ, ഹൃദയാഘാതം തുടങ്ങിയവയെക്കുറിച്ചും വിശകലനം ചെയ്യുന്ന ലേഖനം.**

**തയ്യാറാക്കിയത്: കള്ളിക്കാട് ബിജു**

## HEART TRANSPLANTATION

**1922**-നവംബർ 2ന് South Africa യിലെ Beaufort west-ൽ ജനിച്ച Dr. Christian Barnard ആണ് മാനവ ചരിത്രത്തിലാദ്യമായി മനുഷ്യഹൃദയം ശസ്ത്രക്രിയയിലൂടെ മാറ്റിവച്ചത്. അദ്ദേഹം കൃത്രിമ ഹൃദയവാൽവുകൾ വച്ചുപിടിപ്പിക്കുന്നതിൽ വിദഗ്ധനായിരുന്നു. ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആദ്യമായി അദ്ദേഹം പരീക്ഷിച്ചത് പട്ടികളിലായിരുന്നു.

1967 ഡിസംബർ 3-ാം തീയതി 20 സർജറി വിഭാഗം ഡോക്ടർമാരുടെ സഹായത്താൽ cape town-ലെ Groote schuur Hospital - ൽവച്ച് ഹൃദയരോഗിയും പച്ചക്കറി കച്ചവടക്കാരനുമായ Louis Washkansky ക്ക് മാരകമായി മുറിവേറ്റ മറ്റൊരാളുടെ ഹൃദയം തുന്നിപ്പിടിപ്പിച്ചു. ആ ഹൃദയമാറ്റൽ ശാസ്ത്രക്രിയ വിജയിച്ചു എങ്കിലും 18 ദിവസങ്ങൾക്കുശേഷം Washkansky ന്യുമോണിയമൂലം മരണമടഞ്ഞു. ശരീരത്തിലെ immunity mechanism തകരാറിലായതായിരുന്നു പ്രധാന കാരണം. 1983ൽ Dr. Barnard തൻെറ ജോലിയിൽനിന്ന് വിരമിക്കുന്നതിനുമുമ്പ് ധാരാളം സർജറികൾ വിജയത്തിലെത്തിച്ചു.



*Louis Washkansky*



**Dr. Christian Barnard**

# BALOON ANGIOPLASTY

ഹൃദയ ആഘാതത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന് coronary arteries- ൽ അടിഞ്ഞുകൂടുന്ന plague രക്ത പ്രവാഹത്തിന് തടസ്സമുണ്ടാക്കുന്നതുകൊണ്ടാണ്. ആധുനിക വൈദ്യശാസ്ത്രത്തിന്റെ വളർച്ചയിലൂടെ ലഘുവായ രീതിയിൽ arteries- ലെ തടസം നീക്കം ചെയ്യാവുന്നതാണ്. കാറ്റ് നിറയ്ക്കാത്ത ഒരു ബലൂൺ (Baloon catheter)- തടസ്സമുള്ളടത്ത് എത്തിച്ച് വികസിപ്പിക്കുകവഴി plague- നെ ഞെരുക്കുകയും സാധാരണരീതിയിൽ രക്തപ്രവാഹം സാദ്ധ്യമാകുകയും ചെയുന്നു. ഈ രീതിയെ Percutaneous Transluminal coronary Angioplasty (PTCA)- എന്നാണ് അറിയപ്പെടുന്നത്.




# ഹൃദയസ്തംഭനം (Heart failure)

